1. ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക.

2. റേഷൻകടകളിൽ നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് ഡോർ ഡെലിവറി സംവിധാനം നടപ്പാക്കുകയും അതോടനുബന്ധിച്ച് സപ്ലൈ ചെയിൻ മാനേജ്മെന്റ് സംവിധാനം നടപ്പാക്കുകയും ചെയ്യുക.

3. റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) സ്ഥാപിച്ച് കമ്പ്യൂട്ടർവൽക്കരിക്കുക.

4. സുതാര്യമായ പരാതി പരിഹാര സംവിധാനം സ്ഥാപിക്കുകയും സുതാര്യമായ പോർട്ടൽ സ്ഥാപിക്കുകയും ചെയ്യുക.

(സി) പദ്ധതി നടപ്പാക്കുന്നതിനായിട്ടാണ് ചീഫ് സെക്രട്ടറി തലത്തിൽ അപ്പെക്സ് കമ്മിറ്റി, ഭക്ഷ്യ വകുപ്പ് സെക്രട്ടറി തലത്തിൽ സ്പെഷ്യൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും കൂടാതെ ഒരു പ്രോജക്ട് ഇംപ്ലിമെന്റിംഗ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡാറ്റാ ബേസ് കൈകാര്യം ചെയ്യുന്നതിന് ഒരു Postgre SQL ഡാറ്റാബേസ് വിദഗ്ധനെയും ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററേയും നിയമിക്കുകയും സിസ്റ്റം ഇന്റഗ്രേറ്ററായി കെൽട്രോണിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും കമ്പ്യൂട്ടറുകളും നെറ്റ്വർക്കും ലഭ്യമാക്കുകയും തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഏതാനും കടകളിൽ മോഡൽ പൈലറ്റ് പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി

240 (1324) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലെ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു ക്വിന്റൽ നെല്ലിന് എത്രകിലോ നെല്ല് അധികമായി കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെല്ല് സംഭരണത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരാണ് എന്ന് വ്യക്തമാക്കുമോ;

(ഢ) സഹകരണ മില്ലുടമകളുമായി ചേർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ കർഷകരെയും പാടശേഖരങ്ങളെയും ചൂഷണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കാൻ നടപടിയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ട കണക്കുകളുടെ വിവിധ പാടശേഖരങ്ങളിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുന്നുണ്ട്.

(ബി) നെല്ല് സംഭരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരണം നടപ്പിലാക്കുന്നത്. അനുവദനീയമായ ഘടകങ്ങളുടെ പരമാവധി തോതിനു പുറമെ ചേർക്കുന്ന ബാഹ്യ വസ്തുക്കൾ കൈവും (1%) ബാഹ്യ വസ്തുക്കൾ അല്ലെവും (1%) കേടായത്, മുളച്ചത്, കീടബാധയേറ്റത്, (4%) ചുരുങ്ങിയത് (1%) പാകമാകാത്തതും ചുരുങ്ങിയതും (3%) മറ്റ് ഇനങ്ങളുടെ കലർപ്പ് (6%) ഈർപ്പം (17%).

(സി) സപ്ലൈകോ നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും അധികമായി ഒന്നും തന്നെ ഈടാക്കുന്നില്ല.

(ഡി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷക രജിസ്ട്രേഷൻ പാടശേഖരങ്ങളിൽ നിന്നും നെല്ല് ഏറ്റെടുക്കുന്നത് എന്നിവ നിർവ്വഹിക്കുന്നത് അതാത് മില്ലുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള പാഡി മാർക്കറ്റിംഗ് ഓഫീസർമാരാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുവാൻ സപ്ലൈകോ തയ്യാറാണ്.

റേഷൻ കാർഡ് വിതരണം

241 (1325) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ചത് ഏത് മാസമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡ് നാളിതുവരെയായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കാർഡ് എന്ന് മുതൽ വിതരണം നടത്തുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly